# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ 19801/- രൂപയുടെ ചെലവിന് (2010-2011 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-6 പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ളത്) - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ)നം.1822/2016/തസ്വഭവ. തിരുവനന്തപുരം, തീയതി: 01/06/2016

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 04/11/2014-ലെ എം3-41252/14 നമ്പർ കത്ത്.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 06/05/2015-ലെ L.F.20404/ P.T1//2014-ാം നമ്പർ കത്ത്.

## ഉത്തരവ്

കോട്ടയം ജില്ലയിലെ തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2010-2011 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-6 പ്രകാരം റോഡ് പുനരുദ്ധാരണത്തിനായി തനതു ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനുപകരം മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 19,801/- (പത്തൊൻപതിനായിരത്തി എണ്ണൂറ്റി ഒന്ന് രൂപ മാത്രം)രൂപ ചെലവഴിച്ചിട്ടുള്ളതിനാൽ സർക്കാർ സാധൂകരണം വാങ്ങാൻ നിർദ്ദേശിച്ചിരുന്നു.

ടി വിഷയത്തിൽ സാധൂകരണം നൽകുന്നതിനായി 22/04/2010 ലെ I(2)ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതലആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ തീരുമാനം എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് പരാമർശം(1)പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന തുക തെറ്റായി ചെലവഴിച്ചുപോയതാണെന്നും തുക ക്രമീകരിക്കാൻ അനുവാദത്തിനായി സർക്കാരിലേക്ക് അപേക്ഷിക്കാനും പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ടി വിഷയത്തിൽ പരാമർശം(2)പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ്

മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ ഖണ്ഡിക 3-6 പ്രകാരമുള്ള ആഡിറ്റ് തടസ്സത്തിന് സർക്കാർ സാധൂകരണം നല്കാവുന്നതാണ് എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിലെ തലയാഴം ഗ്രാമപഞ്ചായത്ത് 2009-10 വർഷം തനതു ഫണ്ടിൽ നിന്നും വകയിരുത്തി അംഗീകാരം നേടിയ റോഡ് പുനരുദ്ധാരണ പ്രവർത്തിക്ക് മെയിൻറനൻസ് ഗ്രാൻറിൽ നിന്നും അലോട്ട്മെൻറ് നൽകിയ 19801/- (പത്തൊൻപതിനായിരത്തി എണ്ണൂറ്റി ഒന്ന് രൂപ മാത്രം) രൂപയുടെ ചെലവിന് (2010-2011 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-6 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 19,801/- രൂപയ്ക്ക്) സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

സിദ്ധാർത്ഥൻ.എസ്,

ഡെപ്യൂട്ടിസെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയക്ടർ, കോട്ടയം
സെക്രട്ടറി, തലയാഴം ഗ്രാമപഞ്ചായത്ത്, കോട്ടയം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ